## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1468** 03.12.2018 -ൽ മറുപടിക്ക്

### കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിലേക്ക് വിവിധ ഓഫീസുകൾ മാറ്റുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം ഘട്ട പ്രവർത്തനം പൂർത്തീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഏതെല്ലാം ഓഫീസുകൾക്കാണ് പൂർത്തീകരിച്ച കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറുന്നതിനു സ്ഥലം അനുവദിച്ചിട്ടുള്ളത്; | (ബി) എക്സൈസ് ഓഫീസ്, ഫുഡ് സേഫ്റ്റി ഓഫീസ്, സബ് ട്രഷറി, കൃഷി ഭവൻ, ബ്ലോക്ക് പഞ്ചായത്ത്, എഞ്ചിനീയറിംഗ് സെക്ഷൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കോൺഫറൻസ് ഹാൾ എന്നിവയ്ക്കാണ് സ്ഥലം അനുവദിച്ചത്. |
| (സി) വൈദ്യുതി കണക്ഷൻ ലഭിച്ച സാഹചര്യത്തിൽ ഓഫീസുകൾ മാറ്റുന്നതിന് എന്തെങ്കിലും തടസം നിലവിലുണ്ടോ; | (സി) സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ടത്തിന്റെ പ്രവൃത്തി തുടങ്ങിയതിനാൽ എക്സ്പാൻഷൻ, ജോയിന്റ്, സ്റ്റെയർ കേസ് എന്നിവ വഴി വെള്ളം താഴത്തെ നിലയിലേക്ക് ഇറങ്ങുന്നതിനാൽ ഓഫീസുകൾ ഇപ്പോൾ പ്രവർത്തിക്കാൻ ബുദ്ധിമുട്ടാണ്. |
| (ഡി) സ്വന്തമായി ഓഫീസ് നിലവിലില്ലാത്ത ഫുഡ് സേഫ്റ്റി ഓഫീസും, കാലവർഷത്തിൽ വാടകക്കെട്ടിടം മുങ്ങിപ്പോയതിനാൽ പ്രവർത്തനം പ്രതിസന്ധിയിലായ എക്സൈസ് റേഞ്ച് ഓഫീസും കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഈ രണ്ട് ഓഫീസുകൾക്കും സ്ഥലം അനുവദിച്ചിട്ടുണ്ട്. എന്നാൽ രണ്ടാംഘട്ട പ്രവൃത്തിമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവായാൽ മാത്രമേ ഈ ഓഫീസുകൾക്ക് സിവിൽസ്റ്റേഷനിൽ പ്രവർത്തനമാരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ